വൈറൽ

# പുൽപുലാക്ക്

• ആബിദ് കോലിക്കര

പുൽപുലാക്ക് എന്ന് കേൾക്കുമ്പോൾ തന്നെ കൗതുകം തോന്നുന്നുണ്ടല്ലേ..

പേരു പോലെ തന്നെ കൗതുകമുള്ളതാണ് പുൽപുലാക്കുകൾ.

ശുദ്ധവും രുചിയുമേറിയ വെള്ളത്തിന് പേരുകേട്ട നാടാണ് അർമേനിയ.

കരിങ്കടലിനും കാസ്പിയൻ കടലിനും ഇടയിലുള്ള ഒരു സ്വതന്ത്ര പരമാധികാര രാജ്യമാണ് അർമേനിയ. മുൻപ് സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്ന അർമേനിയ 1991-ലാണ് സ്വതന്ത്രമായത്.

അർമേനിയൻ തെരുവുകളിൽ സുലഭമായ കാഴ്ചയാണ് തണുത്ത ശുദ്ധമായ വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്ന പുൽപുലാക്ക് എന്ന കുഞ്ഞു ജലധാരകൾ. അതിൽ നിന്നും ആർക്കും വെള്ളം കുടിക്കാം, ദാഹമകറ്റാം. ആരുടെയും സമ്മതം വേണ്ട, ആർക്കും കാശും കൊടുക്കണ്ട.

1920-ൽ അർമേനിയയിലെ യെരവൻ തെരുവുകളിലാണ് പുൽപുലാക്കുകൾ ആദ്യം പ്രത്യക്ഷപ്പെടുന്നത്. ഒഴുകുന്ന വെള്ളത്തിന്റെ ശബ്ദത്തിൽ നിന്നാണ് പുൽപുലാക്ക് എന്ന പേര് ഉൽഭവിച്ചത്. പിന്നീട് 1968-ൽ യെരവൻ നഗരത്തിന്റെ 2750-ാം വാർഷികത്തിന് അത്ര തന്നെ പുൽപുലാക്കുകൾ നഗരത്തിലുടനീളം സ്ഥാപിക്കപ്പെട്ടു. പ്രിയപ്പെട്ടവ



▸▸ ഇന്ത്യയിലെ ആദ്യ വിദേശ ബാങ്ക്– ചാർട്ടേഡ് ബാങ്ക്

രുടെ സ്മരണാർത്ഥവും പുൽപുലാക്കുകൾ സ്ഥാപിക്കപ്പെടുന്നുണ്ട്. അവിടെ ദാഹമകറ്റുന്നവരുടെ പ്രാർത്ഥനകൾ മരിച്ചവർക്ക് ലഭിക്കും എന്ന വിശ്വാസമാണിതിന് പിന്നിൽ.

അത്ര ജലലഭ്യതയില്ലാത്ത രാജ്യമാണല്ലോ അർമേനിയ. അവിടെയാണ് വിപ്ലവകരമായ പുൽപുലാക്കുകൾ പോലെയുള്ള നൻമകൾ കാണുന്നതെന്നും നല്ല വെള്ളം ലഭിക്കുന്ന കേരളം പോലെയുള്ള സ്ഥലങ്ങളിൽ നമുക്ക് കുപ്പിവെള്ളം വാങ്ങേണ്ടി വരികയും ചെയ്യുന്ന വൈരുധ്യത്തെ പറ്റി ചിന്തിക്കണമെന്നുമായിരുന്നു പുൽപുലാക്ക് വീഡിയോക്ക് താഴെ ഒരാളുടെ കമന്റ്!





## പോളിയോ മരുന്ന്



അമേരിക്കൻ ഡോക്ടറായ ജോനാസ് സാൽക് ആണ് പോളിയോയ്ക്കുള്ള പ്രതിരോധ കുത്തിവയ്പ് തുടങ്ങിയത്. 1961-ൽ ഡോ. ആൽബർട്ട് സാബിൻ ഓറൽ പോളിയോ തുള്ളിമരുന്ന് ഉണ്ടാക്കിയെടുത്തു.

▸▸ മലപ്പുറം ജില്ല നിലവിൽ വന്നത്– 1969 ജൂൺ 16–ന്